**തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്**
(സാന്നിദ്ധ്യം വി. എസ്. ജയകുമാർ)

**സംഗ്രഹം**

ശബരിമല എക്സിക്യൂട്ടീവ് ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന സംഗതി - ഓഫീസ് പമ്പയിൽ നിന്നും പത്തനംതിട്ട യ്ക്ക് ഷിഫ്റ്റ് ചെയ്യുന്നത് സംബന്ധിച്ച്

---

നടപടി ഉത്തരവ് നമ്പർ. Roc. 5/2016/Sab തിരുവനന്തപുരം, തീയതി 10/03/2016

---

പരാമർശം : 02/03/2016 ലെ ശബരിമല റിവ്യൂ മീറ്റിംഗിലെ തീരുമാനം

തിരുവിതാംകൂർ ദേവസ്വം ബോർഡ് 02/03/2016 ൽ ബോർഡ് ആസ്ഥാനത്തുവച്ച് വിളിച്ചുകൂട്ടിയ കോൺഫറൻസിൽ ശബരിമല ശബരിമല എക്സിക്യൂട്ടീവ് ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് കൈകൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു. 02/03/2016 ലെ യോഗത്തിന്റെ മിനുറ്റ്സ് തുടർനടപടിയ്ക്കായി ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഉത്തരവ്**

ശബരിമല എക്സിക്യൂട്ടീവ് ഓഫീസ് തിരുനട അടച്ചിരിക്കുന്ന സമയത്ത് പമ്പയിൽ പ്രവർത്തിക്കുന്നതിനാൽ ഉദ്യോഗസ്ഥർ കൃത്യമായി ഹാജരായി ഡ്യൂട്ടി നിർവഹിക്കുന്നില്ലയെന്നും, ഇക്കാര്യം ആരും പരിശോധിക്കുന്നില്ലായെന്ന് ശ്രദ്ധ-യിൽപെട്ടതിനാൽ എക്സിക്യൂട്ടീവ് ആഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി ശബരിമല തിരുനട അടച്ചിരിക്കുന്ന സമയം ശബരിമല എക്സിക്യൂട്ടീവ് ഓഫീസ് 01/04/2016 മുതൽ പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിന് ഉത്തരവാകുന്നു. ഫർണിച്ചറു-കളും, ഫയലുകളും 01/04/2016 മുതൽ പ്രാബല്യത്തിൽ ഓഫീസ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിന് ഉതകും വിധം ഷിഫ്റ്റ് ചെയ്യുന്നതിന് എക്സിക്യൂട്ടീവ് ഓഫീസ-റെയും, ഓഫീസിന്റെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിടത്തിൽ വരുത്തുനദേവസ്വം ചീഫ് എഞ്ചിനിയർ (ജനറൽ)നെയും ചുമതലപ്പെടുത്തുന്നു.

ഓഫീസ് ഷിഫ്റ്റ് ചെയ്ത വിവരവും പുതിയ ഓഫീസിന്റെ പിൻ നമ്പർ, ഫോൺ നമ്പർ സഹിതവും എല്ലാ പത്രദൃശ്യമാദ്ധ്യമങ്ങളിലൂടെയും വാർത്തയായി നൽകുന്നതിന് പബ്ളിക് റിലേഷൻസ് ഓഫീസറെയും, ഇ.ഡി.പി സെക്ഷനെയും ചുമതലപ്പെടു-ത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

(ഒപ്പ്)
സെക്രട്ടറി

തുടർനടപടിയ്ക്കായി പകർപ്പ്

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനിയർ (ജനറൽ)
3. സൂപ്രണ്ട് ഓഫ് പോലീസ്(വിജിലൻസ് ആന്റ് സെക്യൂരിറ്റി)
4. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
6. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
7. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
8. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർക്കും, അസിസ്റ്റന്റ് എൻജിയർമാർക്കും,
9. പബ്ളിക് റിലേഷൻസ് ഓഫീസർ
10. ഇ.ഡി.പി (വെബ് സൈറ്റ്)
11. സെക്ഷൻ ഫയൽ
12. ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി
ശബരിമലസെൽ